**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3929** **06-08-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാനുണ്ട്; ഏത് തീയതിയിലാണ് നിയമന ശിപാർശകൾ ലഭിച്ചത്; നിയമന ഉത്തരവ് നൽകുന്നതിൽ എത്ര ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | 31/3/2021, 31/5/2021 തീയതികളിലെ പി. എസ്. സിയുടെ നിയമന ശുപാർശകൾ യഥാക്രമം 3/5/2021, 21/06/2021 തീയതികളിലാണ് കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചത്. മേൽ സൂചിപ്പിച്ച രണ്ടു ശുപാർശകൾ പ്രകാരം 133 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാനുണ്ട്. ലോക് ഡൗൺ കാരണത്താലും നിയമന ശുപാർശ വൈകി ലഭിച്ചതിനാലും, ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ജനറൽ ട്രാൻസ്ഫർ നടപടികൾ G SPARK വഴി ആദ്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉണ്ടായ തിരക്കുകൾ കാരണവുമാണ് നിയമന നടപടികൾക്ക് മന:പൂർവ്വമല്ലാത്ത കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (ബി) | ഈ തസ്തികയിൽ എത്ര എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്; എത്ര പുതിയ ഒഴിവുകൾ നിലവിലുണ്ട്; വിവരം ലഭ്യമാക്കുമോ; | (ബി) | 29 (NJD) ഒഴിവുകളും 12 പുതിയ ഒഴിവുകളും ചേർത്ത് ആകെ 41 ഒഴിവുകൾ നിലവിലുണ്ട്. |
| (സി) | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും വേഗത്തിൽ നിയമനം നൽകുക എന്നത് സർക്കാരിന്റെ പ്രഖ്യാപിതനയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമന ശിപാർശ ചെയ്തവർക്ക് യഥാസമയം നിയമനം നൽകാത്തതും ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്തതും ഈ നയത്തിന് വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; | (സി) | ഉണ്ട്. നിയമന ശുപാർശ തീയതി 31/03/2021, 31/05/2021 എന്നിങ്ങനെയാണെങ്കിലും KPSC-യിൽ നിന്നും യഥാക്രമം 03/05/2021, 21/06/2021 എന്നീ തീയതികളിലാണ് കേരള വാട്ടർ അതോറിറ്റിയിൽ ടി ശുപാർശകൾ ലഭിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ സമയ ബന്ധിതമായി തന്നെ KPSC-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലോക് ഡൗൺ കാരണത്താലും നിയമന ശുപാർശ വൈകി ലഭിച്ചതിനാലും, ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ജനറൽ ട്രാൻസ്ഫർ നടപടികൾ G SPARK വഴി ആദ്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായും ഉണ്ടായ തിരക്കുകൾ കാരണമാണ് നിയമന നടപടികൾക്ക് മന:പൂർവ്വമല്ലാത്ത കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (ഡി) | കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള | (ഡി) | കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഓഫീസ് |

| | | | |
|---|---|---|---|
| | ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ എല്ലാ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും നിയമന ശിപാർശ ലഭിച്ചവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകുന്നതിനും കർശന നിർദ്ദേശം നൽകുമോ? | | അറ്റൻഡന്റ് തസ്തികയിലെ എല്ലാ ഒഴിവുകളും സമയ ബന്ധിതമായി തന്നെ KPSC-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമന ശിപാർശ ലഭിച്ചവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ